(ബി) ഉണ്ട്. നമ്പരുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

ജില്ല	നമ്പർ
തിരുവനന്തപുരം സിറ്റി	9497930008
കോട്ടയം	9497932001
ഇടുക്കി	9747001099
തൃശ്ശൂർ സിറ്റി	7025930100
പാലക്കാട്	7025940100
മലപ്പുറം	9497976040

(സി) വാട്സ് ആപ്പ് വഴി ലഭിച്ച 136 പരാതികളിലായി ആകെ 6000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

പ്രതികളെ പിടികൂടുന്നതിൽ കാലതാമസം

158 (1863) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട നാല് കപ്പേളകളും ഒരു പള്ളിയും കല്ലെറിഞ്ഞ് ആക്രമണം നടത്തിയ കേസ്സിൽ ഉൾപ്പെട്ട പ്രതികളെ മാസങ്ങൾ പിന്നിട്ടിട്ടും പിടികൂടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇരിങ്ങാലക്കുട എസ്.ഐ.-യുടെയും പോലീസ് കോൺസ്റ്റബിളായ സഹോദരന്റെയും വെറ്റിലപ്പാറയിലെ വസതിക്കുനേരെ ആക്രമണം നടത്തി വീട്ടിലെ ബൈക്ക് കത്തിക്കുകയും കാർ കേടുവരുത്തുകയും ചെയ്ത സംഭവത്തിനുത്തരവാദികളായവരെ കണ്ടെത്തുന്നതിനും നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത കേസ്സുകളിൽ പ്രതികളെ കണ്ടെത്തുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് ആതിരപ്പിള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 723/14 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് തൃശ്ശൂർ റൂറൽ ഡിവൈ.എസ്.പി. (അഡ്മിനിസ്ട്രേഷൻ)യുടെ നേതൃത്വത്തിൽ അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

(സി) കേസുകളിൽ ഊർജ്ജിതമായി അന്വേഷണം നടത്തി പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

അനീഷിന്റെ ആത്മഹത്യ

159 (1864) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർസെക്കണ്ടറി സ്കൂൾ അധ്യാപകൻ കെ. കെ. അനീഷിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ഡി.പി.ഐ. വിജിലൻസ് വിഭാഗം റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടികൾ എടുത്തിട്ടുണ്ടോ ;

(ബി) ആരെല്ലാമാണ് പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പ്രതിസ്ഥാനത്ത് നിൽക്കുന്നത് ;

(സി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളത് ;

(ഡി) ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരെയാണെന്ന് വിശദമാക്കാമോ ;

(ഇ) ഇനി ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ ; എങ്കിൽ ആരെയെല്ലാം എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ടി ആത്മഹത്യയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ റിപ്പോർട്ടനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മുന്നിയൂർ എച്ച്.എസ്.-ലെ മാനേജർ, പ്രഥമാധ്യാപിക എന്നിവർക്ക് ചാർജ്ജ് മെമ്മോ നൽകിയിട്ടുള്ളതായി അറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly